15 -ാം കേരള നിയമസഭ

1 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72 | 09-06-2021 - ൽ മറുപടിയ്ക്ക്

പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (എ) | പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കു ന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്നു. കൂടാതെ, 2021-22 വർഷം നടപ്പിലാക്കുന്ന പദ്ധതികളായ ഗോത്ര ജീവിക, കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർ പോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ, ഹോട്ടൽ മനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ പുരോഗതിയ്ക്കായി സാമൂഹ്യ പഠനമുറി, ഓൺലൈൻ വിദ്യാഭ്യാസം, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ , ഗോത്രബന്ധു എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട 32 കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകി വരുന്നു. 2021-22 വർഷവും ആവശ്യാനുസരണം ഈ പദ്ധതി നടപ്പാക്കുന്നതാണ്. സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷവും സാഹചര്യം പരിശോധിച്ച് പ്രസ്തുത |

| | | | |
|---|---|---|---|
| | | | പരിപാടി നടത്തുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ, ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, മില്ലെറ്റ് വില്ലേജ്, നമത്ത് വെള്ളാമെ, പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സാധിച്ചു. ഈ പദ്ധതികൾ 2021-22 വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2021-22 വർഷത്തിൽ കൂടുതൽ ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിന്റെ ഭാഗമായി അട്ടപ്പാടി ഫാമിന് 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതും ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം വർദ്ധിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ ഗദ്ദിക എന്ന പേരിൽ നടത്തിയ സാംസ്കാരികോത്സവം വീണ്ടും സംഘടിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകൾ പുതുതലമുറയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുമായി ഗദ്ദിക എന്ന പേരിൽ സാംസ്കാരിക ഉത്സവം ഒരോ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ സംഘടിപ്പിച്ചു വരുന്നു. കോവിഡ് സ്ഥിതി കൂടി വിലയിരുത്തി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ? | (സി) | കിഫ്ബി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 82.928 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ